## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത<br>ചോദ്യം നം. 1455 | 11/08/2017-ൽ മറുപടിയ്ക്ക് |

## ലൈഫ് മിഷൻ

| ചോദ്യം<br>ശ്രീ.കെ. ദാസൻ | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ലൈഫ് മിഷന്റെ ഭാഗമായി കോഴിക്കോട് ജില്ലയിലെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ; | (എ) | സ്വന്തമായി ഭൂമിയുള്ളവരും ഇല്ലാത്തവരുമായ എല്ലാ ഭവനരഹിതർക്കും മാന്യവും വാസയോഗ്യവുമായ ഭവനം സ്വന്തമാക്കി നൽകുക എന്ന ഉദ്ദേശ്യത്തോടെ പ്രവർത്തനം ആരംഭിച്ച 'ലൈഫ്' പദ്ധതി പ്രകാരം ഭൂരഹിത-ഭവന രഹിതരെയും ഭൂമിയുള്ള ഭവനരഹിതരെയും കണ്ടെത്തുന്നതിന് സർവ്വേ നടത്തി കരട് ഉപഭോക്തൃ ലിസ്റ്റ് പ്രസിദ്ധികരിച്ചിട്ടുണ്ട്. ആയത് പ്രകാരം കോഴിക്കോട് ജില്ലയിലുള്ള ടി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതിന്മേലുള്ള ആക്ഷേപങ്ങളും പരാതികളും പരിഹരിച്ച് 2017 സെപ്റ്റംബർ 25-ന് അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>ഓരോ ജില്ലയിലും ഒന്ന് എന്ന കണക്കിൽ ഭവനസമുച്ചയങ്ങൾ നിർമ്മിക്കുന്നതിനും വിവിധ സർക്കാർ പദ്ധതികളിൽ നിർമ്മാണം ആരംഭിച്ച് പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനുമാണ് ആദ്യഘട്ടത്തിൽ ഊന്നൽ നൽകിയിട്ടുള്ളത്. ഇതിന്റെ ഭാഗമായി പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ കണക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും |

| | | | |
|---|---|---|---|
| | | | ഇതര വകുപ്പുകളിൽ നിന്നും ശേഖരിച്ച് വരുന്നു. ഈ ആവശ്യത്തിനായി കോഴിക്കോട് ജില്ലയിൽ നിന്നുള്ള ആദ്യഘട്ട ഭവനസമുച്ചയ നിർമ്മാണത്തിനുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | ലൈഫ് മിഷന്റെ ഭാഗമായി കൊയിലാണ്ടിയിലെ വിവിധ സ്ഥാപനങ്ങളിൽ സർവ്വേ നടപടി പൂർത്തീകരിച്ചിട്ടുണ്ടോ; ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ പട്ടിക ലഭ്യമാക്കുമോ; | (ബി) | ഉണ്ട്. ഗുണഭോക്താക്കളുടെ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല. |
| (സി) | ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് നടത്തിയ സർവ്വേകളിൽ സംഭവിച്ച അപാകതകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ ? | (സി) | ഉണ്ട്. ആയത് സംബന്ധിച്ച ആക്ഷേപങ്ങളും പരാതികളും പരിഹരിച്ച് അന്തിമ ലിസ്റ്റ് സെപ്റ്റംബർ 25 -ന് പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**